# ഈ ലോകത്തെ നന്നാക്കുവാൻ ആർക്കു കഴിയും?

**ചീഫ് എഡിറ്ററുടെ സന്ദേശം**



സുവി. പി.ഐ.എബ്രഹാം

ഈ ചോദ്യം വായിക്കുമ്പോൾ തന്നെ നമുക്ക് ബോധ്യപ്പെടും, ഇതൊരു നശിച്ച ലോകമാണെന്ന്. അക്കാര്യത്തിൽ അഭിപ്രായ വ്യത്യാസം ആർക്കെങ്കിലും ഉണ്ടെങ്കിൽ അവരുടെ ബുദ്ധിയ്ക്ക് വൈകല്യം ഉണ്ടെന്ന് കരുതിയാൽ മതി. ടൈറ്റാനിക്ക് മുങ്ങി. ദുരന്ത കഥ എന്റെ ഒരു സ്ഥിരം ഉദാഹരണമാണ്. അത് കന്നിയാത്ര തിരിച്ചപ്പോൾ ജയത്തിന്റെ ആർപ്പു വിളി ആയിരുന്നു. എന്നാൽ അടിത്തട്ട് തകർന്ന് വെള്ളം ഇരച്ചു കയറിയപ്പോൾ കൂട്ട നിലവിളി ആയി. നോഹയുടെ കാലത്ത് ജഡമോഹികളും, ഭൗതിക മാത്രരും ആയ തലമുറ, തിന്നു പുളച്ച് നോഹയേയും അവന്റെ പ്രവചനത്തേയും തുശ്ചീകരിച്ചു. എന്നാൽ പ്രളയം കഴുത്തിനു മുകളിൽ ഉയർന്നപ്പോൾ പെട്ടകത്തിന്റെ അരികിലേക്ക് അഭയ യാചനയുമായി പറ്റിക്കൂടി. അപ്പോഴേക്കും പെട്ടകത്തിന്റെ വാതിൽ അടച്ചു പോയിരുന്നു. അബ്രഹാമ്യ ദർശനം ഉൾക്കൊണ്ട് നീതിയുള്ള മനസ്സുമായി സൊദോമിൽ താവളമടിച്ച ലോത്ത് തന്റെ തിരഞ്ഞെടുപ്പ് പടു ഭോഷത്വം ആണെന്ന് ഒടുവിൽ കണ്ടെത്തി. സ്വവർഗ്ഗ ഭോഗികളും, തീൻ പ്രിയരും, അഹങ്കാരികളുമായ ആ തലമുറ ദൈവത്തെ പുശ്ചിച്ചു തള്ളി. ലോത്തിന്റെ മുന്നറിയിപ്പ് വെറും തമാശയായി കാറ്റിൽപ്പറത്തി, ഒടുവിൽ ആകാശത്തു നിന്നും തീയും ഗന്ധകവും വീണ് ഒരു പെരും ചൂളയായി നഗരം മാറിയപ്പോൾ'അയ്യോ വിളികൾ" അവിടെ ഉയർന്നു കാണും. പക്ഷെ അപ്പോഴേക്കും ലോത്തും തന്റെ രണ്ടു മക്കളും സോവാനിൽ ഒരു ഗുഹയിൽ അഭയം തേടിക്കഴിഞ്ഞു. ഇതൊക്കെ ചരിത്രത്തിലെ നീറുന്ന യഥാർത്ഥ്യങ്ങളാണ്.

നല്ലവനായ ദൈവം തന്റെ നന്മയാൽ ഒരു നല്ല ലോകം സൃഷ്ടിച്ചു. അതിനെ വാഴുവാൻ നല്ലവരായി മനുഷ്യരെയും നിയമിച്ചു. എന്നാൽ പരമ ദുഷ്ടനായ സാത്താൻ വഞ്ചിച്ച് ആകെ നാശോന്മുഖമാക്കി. കല്പനാ ലംഘനത്താൽ ആദാമ്യ കുടുംബം പാപികളായി. മനുഷ്യൻ നിമിത്തം ഭൂമിയും അതിന്റെ വ്യവസ്ഥകളും ശപിക്കപ്പെട്ടു. ഇന്ന് നാം അഭിമുഖീകരിക്കുന്ന ഈ ആകാശം, ഭൂമി, സമുദ്രം എന്നു വേണ്ട ഭൗതിക പ്രപഞ്ചം ആകെ ശാപഗ്രസ്തമാണ്. ശാപത്തിന്റെ കാരണം പാപമാണ്. ശാപത്തിന്റെ വഴി ദ്രവത്വം, വാർദ്ധക്യം, മരണം ഇതൊക്കെയാണ്. മരണം കൊണ്ടും തീരുന്നില്ല. നിത്യ ശിക്ഷാവിധിയും അങ്ങേതലയ്ക്കലുണ്ട്. ഈ യഥാർത്ഥ്യങ്ങൾ പലവിധങ്ങളിൽ മതങ്ങളും, ചിന്തകൻമാരും ഒക്കെ അവതരിപ്പിക്കുന്നുവെങ്കിലും തത്വത്തിൽ അവരെല്ലാവരും യോജിക്കുന്നു.

ലോകത്തിൽ കാലകാലങ്ങളിൽ പ്രവചന ശബ്ദങ്ങളുമായി പലരും എഴുന്നേൽക്കാറുണ്ട്, അവരിൽ ഭൂരിപക്ഷം പേരും പരാജയപ്പെടുകയാണ് ചെയ്തത്. ഇന്നും വല്ലതും ഒക്കെ പ്രവചിക്കുന്ന ആളുകൾ വിവിധ മതങ്ങളിലുണ്ട്. ദുഃഖസമേതം പറയട്ടെ വേർപെട്ട ജനത്തിന്റെ ഇടയിൽ പോലും കഴമ്പില്ലാത്ത പ്രവചനം പറഞ്ഞ് കാലം പോക്കുന്നവരുണ്ട്. കാലവസ്ഥാക്കാരന്റെ പ്രവചനം നമുക്കറിയാം മഴ പെയ്യാനും, പെയ്യാതിരിക്കുവാനും സാധ്യതയുണ്ട്. ഇതൊക്കെ ലോകത്തിന്റെ ഗതിയാണ്. എന്നാൽ വസ്തുതകളെ നേരായി കാണുവാനും, പ്രശ്നങ്ങൾക്ക് വിദഗ്ദമായ പോംവഴി കണ്ടെത്തുവാനും, സത്യ ദൈവത്തിനും അവന്റെ തിരുവചനത്തിനും മാത്രമേ കഴിവുള്ളു എന്ന് പറയുമ്പോൾ അത് ഭംഗിവാക്കല്ല, തികച്ചും സത്യമാണ്

എനിക്ക് വളരെ അത്ഭുതം തോന്നിക്കുന്ന പല കാര്യങ്ങളുമുണ്ട്. അവയിൽ ചിലത് സൂചിപ്പിക്കാം. ഇന്നത്തെ മതങ്ങൾ പലതും അവതരിപ്പിക്കുന്ന ദേവി, ദേവന്മാർ ചരിത്ര പുരുഷന്മാരല്ല. സങ്കല്പ മൂർത്തികളാണ്. അവരെ ഭൂമിയിൽ ഉണ്ടായിരുന്നവരെപ്പോലെ ആരാധിക്കുന്നത് എനിക്ക് അത്ഭുതമാണ്. കാരണം അവിടെ വ്യാജമാണ് നടമാടുന്നത്. അതു പോലെ ഭൂമി ശാസ്ത്രത്തിൽ തേടിയാൽ കാണാൻ ആകാത്ത കാര്യങ്ങൾ മതങ്ങൾ പ്രസ്താവിക്കുന്നു. കനത്ത ഉദാഹരണമാണ് "പാൽക്കടൽ" അതുപോലെ മഹാമേരു എന്ന പർവ്വതം. ഇതൊക്കെ ഇല്ലാത്തതായിരിക്കുമ്പോൾ ഉള്ളതാണെന്ന ഭാവത്തിൽ ജനത്തിന്റെ മുമ്പിൽ അവതരിപ്പിച്ചാൽ അത് വ്യാജവും, പാപവും, ശിക്ഷാർഹവുമാണെന്ന് ഈ മതങ്ങൾ മനസ്സിലാക്കാത്തത് ഭയങ്കരം തന്നെ. ഇന്നത്തെ ലോകം എല്ലാ നിലകളിലും തകർന്ന്, ആശയറ്റ്, അടുത്തപടി എന്തെന്നറിയാതെ അഴൽപൂണ്ട് കഴിയുമ്പോഴും, കൊട്ടും, കുരവയും, പൊങ്കലും, പെരുന്നാളും, ലക്ഷാർച്ചനയയും, കോഴിമന്ത്ര ജപവും ഒക്കെയായി അവർ അന്ധതയിൽ നീങ്ങുകയാണ്. തെറ്റ് മനസ്സിലാക്കുന്നത് വിജയത്തിന്റെ തുടക്കമാണ്. മുല്ലപെരിയാർ അണക്കെട്ട് ഭദ്രമാണെന്ന് വെറുതെ വിളിച്ചു പറയുന്ന തമിഴ്നാട് ഒളിവിൽ ഓട്ടയടയ്ക്കാൻ പരിശ്രമിക്കുന്നത് എന്റെ ആശയത്തിന് മതിയായ ദൃഷ്ടാന്തമാണ്. കഴിയുമെങ്കിൽ പുതിയ ഡാം നിർമ്മിച്ചാൽ അതൊരു പോം വഴി ആണെന്ന് സമ്മതിക്കാം. പക്ഷെ പഴയതിന് കേടു പറ്റിയെന്ന് സമ്മതിച്ചെങ്കിൽ അല്ലേ പുതിയതിനായി യത്നിക്കുവാൻ സാധിക്കു. അതൊട്ട് സമ്മതിക്കുന്നതുമില്ല. ഇത് ലോകത്തിന്റെ മൊത്തം ചിത്രമാണ്. മനുഷ്യൻ കൈവെച്ച എല്ലാ തലങ്ങളും പരാജയമാണെന്ന് വാദിക്കുന്ന കുറേ പേരിൽ ഒരുത്തനാണ് ഞാൻ. മതങ്ങൾ പരാജയത്തിന്റെ പടുകുഴിയിലാണ് കിടക്കുന്നത്. ക്രിസ്തീയ സഭാ വിഭാഗങ്ങൾ മതങ്ങളുടെ ചേരിയിലേക്ക് ചായുന്ന ഒരു ദുരന്തം ചരിത്രത്തിലെ ഒരു കളങ്കമാണ്. മഹതിയാം ബാബിലോൺ എന്ന പുസ്തകത്തിൽ മൺ മറഞ്ഞ കെ.ഇ എബ്രഹാം സാർ ഈക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. റോമാ സഭയും മറ്റും മറ്റൊരു മതമായി കഴിഞ്ഞു . യേശുവിന്റെ പേരും മറ്റും പറയുന്നതു കൊണ്ട് മതമല്ലെന്നു വരുന്നില്ല. യേശു ഭഗവാനെയും, ഈസാ നബിയേയും ഒക്കെ നമ്മുടെ മറ്റു മതസ്ഥരായ സഹോദരന്മാരും ബഹുമാനിക്കുന്നുവല്ലോ. മതവും സഭയും തമ്മിലുള്ള വ്യത്യാസം മുഖ്യമായും ഒരു വിഷയത്തിലാണ്, യേശുക്രിസ്തു ദൈവമാണെന്നും ഏക രക്ഷകൻ ആണെന്നും അംഗീകരിച്ചെങ്കിലെ ഒരുവൻ ക്രിസ്ത്യാനിയെന്ന പേരിന് അർഹനാകുന്നുള്ളു. ഇന്ന് ഹിന്ദു മതത്തിൽ ഉള്ളതിനേക്കാൾ ദേവി, ദേവന്മാർ ക്രൈസ്തവ മതത്തിലുണ്ട്. ഒരിക്കൽ സുവിശേഷത്തിനു വേണ്ടി കൂടും, വീടും വിട്ടിറങ്ങിയ മർത്തോമ്മ സഭ അതിന്റെ നേതൃത്വത്തിന്റെ വഴിയിൽ എവിടെയെത്തി നിൽക്കു

ന്നുവെന്ന് സുബോധം നശിച്ചിട്ടില്ലാത്തവർ ഒന്ന് ചിന്തിക്കട്ടെ. വിലാപങ്ങളിൽ വായിക്കുന്നതു പോലെ പൊന്നു മങ്ങിപ്പോയി, നിർമ്മല തങ്കം മാറിപ്പോയി എന്നല്ലാതെ മറ്റെന്തു പറയുവാൻ. സത്യത്തിനു വേണ്ടി ഇറങ്ങിയെന്ന് ഊറ്റം കൊള്ളുന്ന നമ്മുടെ പെന്തക്കോസ്ത് മാർഗ്ഗവും ഭൂതോപദ്രവത്തിൽ പെട്ടിരിക്കുകയാണ്. ഭൗതിക സ്ഥാനങ്ങൾ പടച്ചു കൂട്ടുക, അധികാര കസേരകൾക്കു വേണ്ടി പ്രാണ ത്യാഗം ചെയ്യുക, രാഷ്ട്രീയക്കാരനെപ്പോലും അമ്പരിപ്പിക്കുന്ന രീതിയിൽ കള്ള പ്രചാരണവും, കള്ളവോട്ടും നടത്തുക. ഇതൊക്കെയല്ലേ ശരിയായ ഭൂതബാധ. കഴിഞ്ഞ ദിവസം കുമ്പനാട്ടു നിന്ന് ഒരു പ്രീയ സഹോദരൻ എനിക്ക് കത്തെഴുതി. പെന്തക്കോസ്തു ലോകത്തിന്റെ അനീതിക്കെതിരായി ഞാൻ മൗനം ദീക്ഷിക്കുന്നു എന്നാണ് തന്റെ പരാതി. ഞാൻ ആവോളും ശബ്ദിക്കുന്നുണ്ട് പക്ഷേ എനിക്ക് എന്നെയല്ലേ സൂക്ഷിക്കുവാൻ കഴിയു. സൊദോമിന്റെ നാശം ഒഴിവാക്കാൻ വലിയ അബ്രഹാമിനു പോലും കഴിഞ്ഞില്ല. ഞാൻ ഒരു ചെറിയ അബ്രഹാമാണ്. അരിശം കയറിയിട്ട് സഹോദരൻ ഇങ്ങനെ പ്രവചിച്ചിരിക്കുന്നു. കാനം അച്ചൻ തിരികെ സമുദായത്തിൽ പോകുമെന്ന്. അതു മാത്രം സംഭവിക്കുകയില്ല. പൗലോസ് ഒടുവിൽ പറഞ്ഞത് വ്യക്തിയുടെ ഭാഷയിലാണ്. ഞാൻ തികച്ചു, ഞാൻ കാത്തു എന്നിങ്ങനെ.ആവോളും പെന്തക്കോസ്തുകാർ മതമായി മാറാതിരിക്കുവാൻ എഴുതുകയും, പ്രാർത്ഥിക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. പക്ഷേ നരകത്തിൽ പോയി വീഴാനുള്ളതിനെ ദൈവം പിടിച്ചാലും നില്ക്കയില്ല, അതാ എന്റെ ദർശനം.

ഇത് എഴുതുന്ന സമയം രാഷ്ട്രീയം കൊലക്കളമായി മാറുന്നു. കൊല്ലപ്പെടാനുള്ളവരുടെ പട്ടിക തയ്യാറാക്കി അവസരം പോലെ കൊന്നൊടുക്കി നല്ല രാജ്യം സ്ഥാപിക്കുവാൻ കാട്ടിക്കൂട്ടുന്ന വിഭ്രമം പൈശാചികത്വത്തിന്റെ അങ്ങേയറ്റമാണ്. ബുദ്ധികെട്ട ജനമേ ലോകം മൊത്തം നശിക്കാൻ പോകുകയാണ്. മദ്യ ഷാപ്പുകളുടെ മുമ്പിൽ നീണ്ട ക്യൂ നിന്ന് തലമുറ നാളെയ്ക്കു വേണ്ടി ഊർജ്ജം സംഭരിക്കുന്നു. ബലാൽസംഗം പെരുച്ചാഴി പോലെ പെരുകുന്നു. ധാർമ്മികമായും മറ്റെല്ലാ നിലകളിലും ഒരു യുഗ സന്ധ്യ അന്ധകാരം വ്യാപരിപ്പിക്കുന്നു. ഒരു നല്ല രാജ്യം വരുമെന്ന് വചനത്തിലുണ്ട്, അതിനായി നമുക്ക് കാത്തിരിക്കാം. ദൈവം നല്കിയ സത്യവചനമായ വേദപുസ്തകത്തെ നെഞ്ചോട് ചേർക്കാം, ദൈവം നിയമിച്ച ഏക രക്ഷാ പുരുഷനെ സർവ്വാത്മന ഏറ്റെടുക്കാം, രക്ഷ ക്രിസ്തുവിലൂടെ ദൈവത്താൽ മാത്രം എന്ന സത്യം ഒന്നു കൂടി ആവർത്തിച്ചു കൊണ്ട് ഇവിടെ നിർത്തുന്നു.

MGM Ministries - Article Source: Who can make this world good? - Kanam Achen -
Accessed June 2012, Unknown Publisher